2024
JUNE
15
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ചേതനയറ്റ് അവർ എത്തി; കണ്ണീർക്കടലായി കേരളം

**കൊച്ചി:** കഴിഞ്ഞ ദിവസം കുവൈറ്റിലെ ലേബർ ക്യാമ്പിലുണ്ടായ തീപിടുത്തത്തിൽ വെന്തുമരിച്ച 23 മലയാളികളടക്കമുള്ളവർക്ക് കണ്ണീരോടെ യാത്രാമൊഴി നൽകി കേരളം. കുവൈറ്റിൽ നിന്നും വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ ഇന്നലെ രാവിലെ 11.30 ഓടെ നെടുമ്പാശേരി വിമാനത്താവളത്തിൽ എത്തിച്ച മൃതദേഹങ്ങൾ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ വിതുമ്പലോടെ കേരളം ഏറ്റുവാങ്ങി. 23 മലയാളികളെ കൂടാതെ ദുരന്തത്തിൽ മരിച്ച തമിഴ്നാട് സ്വദേശികളായ ഏഴു പേരുടെ മൃതദേഹങ്ങളും ഒരു കർണാടക സ്വദേശിയുടെ മൃതദേഹവുമാണ് നെടുമ്പാശേരിയിൽ എത്തിച്ചത്.തമിഴ്നാട് സ്വദേശികളുടെ മൃതദേഹങ്ങൾ തമിഴ്നാട് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സെൻജി മസ്താനും കർണാടക സ്വദേശിയുടെ മൃതദേഹം അവിടെ നിന്നുള്ള ഉദ്യോഗസ്ഥ



പ്രതിനിധികളും ചേർന്ന് ഏറ്റുവാങ്ങി.തുടർന്ന് വിമാനത്താവളത്തിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ പൊതുദർശനത്തിനായി വെച്ച മൃതദേഹങ്ങളിൽ മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിമാരും സംസ്ഥാന മന്ത്രിമാരുമടക്കമുള്ള ജനപ്രതിനിധികൾ അടക്കം വൻ ജനാവലി ആദരാജ്ഞലി അർപ്പിച്ചു. ദുരന്തത്തിൽ മരിച്ച തിരുവനന്തപുരം സ്വദേശി അരുൺ ബാബുവിനാണ് മുഖ്യമന്ത്രി ആദ്യം ആദരാഞ്ജലി അർപ്പിച്ചത്., കേന്ദ്രമന്ത്രി കീർത്തി വർധൻ സിംഗ്,തമിഴ്നാട് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി കെ.എസ് മസ്താൻ എന്നിവർ ചേർന്ന് ആദ്യം അന്തിമോപചാരം അർപ്പിച്ചത്. തുടർന്ന് മുഖ്യമന്ത്രി ബാക്കി 29 മൃതദേഹത്തിലും പുഷ്പചക്രം അർപ്പിച്ചു. കേന്ദ്രമന്ത്രി സുരേഷ് ഗോപി, യാക്കോബായ സഭ മെത്രാപ്പോലീത്ത ഏലിയാസ് മോർ അത്തനാസിയോസ്, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി നേതാക്കൾ, മത നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ആദരാഞ്ജലി അർപ്പിച്ചു. തുടർന്ന് സംസ്ഥാന സർക്കാരിനു വേണ്ടി ആദരസൂചകമായി ഗാർഡ് ഓണർ നൽകിയശേഷം ബന്ധുക്കൾക്ക് മൃതദേഹങ്ങൾ കൈമാറി.
സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ 23 ആംബുലൻസുകളിലാണ് ഓരോരുത്തരുടെയും മൃതദേഹങ്ങൾ വീടുകളിലേക്ക് കൊണ്ടുപോയത്.



## തിരുവനന്തപുരം അബുദാബി പുതിയ രാജ്യാന്തര സർവീസ് ഇന്ന് മുതൽ

**തിരുവനന്തപുരം:** തിരുവനന്തപുരത്തുനിന്ന് ഒരു പുതിയ രാജ്യാന്തര വിമാന സർവീസ് കൂടി തുടങ്ങുന്നു. ഇത്തിഹാദ് എയർവെയ്സിന്റെ തിരുവനന്തപുരംഅബുദാബി സർവീസ് ജൂൺ 15ന് ആരംഭിക്കും.

തുടക്കത്തിൽ ആഴ്ചയിൽ 5 ദിവസമായിരിക്കും സർവീസ്. അബുദാബിയിൽ നിന്ന് രാത്രി 8.10ന് തിരുവനന്തപുരത്ത് എത്തുന്ന വിമാനം (ഇവൈ 262/263) 9.40ന് തിരികെ അബുദാബിയിലേക്ക് പോകും. തിരുവനന്തപുരംഅബുദാബി സെക്ടറിൽ ഇതിഹാദിന്റെ രണ്ടാമത്തെ സർവീസ് ആണിത്. നിലവിലുള്ള സർവീസിന്റെ സമയത്തിൽ 15 മുതൽ മാറ്റമുണ്ട്. രാവിലെ 3:10നു തിരുവനന്തപുരത്ത് എത്തുന്ന വിമാനം (ഇവൈ 264/265) 4.10നു അബുദാബിയിലേക്ക് പോകും.

പുതിയ സർവീസ് ആരംഭിക്കുന്നതോടെ യൂറോപ്പ് ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് കൂടുതൽ കണക്ടിവിറ്റി ലഭ്യമാകും.

## മാർപാപ്പ അടുത്ത വർഷം ഇന്ത്യ സന്ദർശിച്ചേക്കും

**ബാരി (ഇറ്റലി):** ജി7 ഉച്ചകോടിക്കിടെ കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രാൻസിസ് മാർപാപ്പയും. തെക്കൻ ഇറ്റലിയിലെ അപുലിയയിൽ ബോർഗോ എഗ്നാസിയയിൽ നടക്കുന്ന ഉച്ചകോടിയിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ആഫ്രിക്ക, ഊർജം, മെഡിറ്ററേനിയൻ വിഷയങ്ങളുടെ ചർച്ചയ്ക്കു മുന്നോടിയായിരുന്നു ഊഷ്മളമായ കൂടിക്കാഴ്ച. വീൽചെയറിലെത്തിയ മാർപാപ്പയും മോദിയും ഇരുകൈകളും കോർത്ത് അഭിവാദ്യം ചെയ്തശേഷം ആശ്ലേഷിച്ചു. പുഞ്ചിരിച്ചുകൊണ്ട് ഇരുവരും കുശലം പങ്കുവയ്ക്കുകയും ചെയ്തു. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലൂനി 87 പിന്നിട്ട മാർപാപ്പയ്ക്ക് ഒപ്പമുണ്ടായിരുന്നു.ആർട്ടിഫിഷ്യൽ ഇൻറലിജൻസിനെ നന്മയ്ക്കു വേണ്ടി ഉപയോഗിക്കണമോ എന്നത് നമ്മുടെ തീരുമാനത്തെ ആശ്രയിച്ചാണുള്ളതെന്നു മാർപാപ്പ ഉച്ചകോടിയിൽ പറഞ്ഞു.

നേരത്തേ, ജോർജിയ മെലൂനിക്കു പുറമേ യുക്രെയ്ൻ പ്രസിഡൻറ് വൊളൊഡിമിർ സെലെൻസ്കി, ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോൺ, ബ്രിട്ടിഷ് പ്രധാനമന്ത്രി ഋഷി സുനക്ക് തുടങ്ങി ലോകനേ



താക്കളുമായി മോദി കൂടിക്കാഴ്ച നടത്തി. തുടർച്ചയായ മൂന്നാം തെരഞ്ഞെടുപ്പ് വിജയത്തിനു നേതാക്കൾ മോദിയെ അഭിനന്ദിച്ചു. ഇന്ത്യൻ ശൈലിയിൽ ഇരുകൈകളും കൂപ്പി ‘നമസ്തേ’ എന്നു പറഞ്ഞ് അഭിവാദ്യം ചെയ്താണ് ജോർജിയ മെലൂനി മോദിയെ സ്വീകരിച്ചത്. മറ്റു ലോക നേതാക്കളെയും മെലൂനി കൈകൂപ്പിയാണു സ്വീകരിച്ചത്. ഇതു വലിയ ശ്രദ്ധ നേടുകയും ചെയ്തു.

മാർപാപ്പയുമായി പ്രധാനമന്ത്രി രണ്ടാം തവണയാണു കൂടിക്കാഴ്ച നടത്തുന്നത്. 2021 ഒക്റ്റോബറിൽ വത്തിക്കാനിലെ ആസ്ഥാനത്ത് പാപ്പയും മോദിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ലോകം കൊവിഡ് 19നെ നേരിട്ടുകൊണ്ടിരുന്ന സമയത്തായിരുന്നു ഇരുവരും കണ്ടത്. ഇന്ത്യ കൊവിഡിനെ നേരിടുന്നതിനെക്കുറിച്ച് മോദി വിശദീകരിച്ചു. ഏഷ്യയിൽ ഏറ്റവും കൂടുതൽ ക്രൈസ്തവരുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. മോദിയുടെ ക്ഷണം സ്വീകരിച്ച് മാർപാപ്പ അടുത്ത വർഷം ഇന്ത്യ സന്ദർശിച്ചേക്കുമെന്നാണു കരുതുന്നത്.





ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റേണൽ ഓഡിറ്റ് (ഐഐഎ) കൊച്ചി ശാഖ ജോമോൻ കെ ജോർജ് ഉദ്ഘാടനം ചെയ്യുന്നു. സെക്രട്ടറി ദീപ വർഗീസ്, ഐഐഎ സിഇഒ കെ.വി മുകുന്ദൻ,കെ. വിദ്യാധരൻ, സഞ്ജീഷ് കുമാർ, ഉമാ പ്രകാശ്, പ്രസിഡണ്ട് രാമചന്ദ്ര കമ്മത്ത് എന്നിവർ സമീപം.

# കുവൈറ്റ് ദുരന്തം: അനുശോചിച്ചു

**കൊച്ചി:** കുവൈറ്റിലുണ്ടായ ദുരന്തത്തിൽ പ്രവാസികൾ മരിക്കാനിടയായ സംഭവത്തിൽ ഇൻഡോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്)അനുശോചിച്ചു. പരുക്കേറ്റവർക്ക് എല്ലാ സഹായവും ലഭ്യമാക്കുമെന്നും ഇൻമെക് ചെയർമാൻ ഡോ.എൻ എം ഷറഫുദ്ധീൻ അറിയിച്ചു. മരണപ്പെട്ടവരുടെ കുടുബത്തിൻറെ ദുഃഖത്തിൽ പങ്ക് ചേരുന്നതായും അദ്ദേഹം പറഞ്ഞു.

# യു. പി. എസ്. സി പരീക്ഷ ഞായറാഴ്ച്ച അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ

**കൊച്ചി:** ഞായറാഴ്ച്ച യു.പി.എസ്.സി സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷ നടക്കുന്നതിനാൽ കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു. പരീക്ഷയെഴുതുന്നവർക്ക് കൃത്യ സമയത്ത് തന്നെ പരീക്ഷാ സെന്ററിൽ എത്തുന്നതിനായി ഞായറാഴ്ച്ച രാവിലെ 7 മണി മുതൽ കൊച്ചി മെട്രോ സർവ്വീസ് ആലുവ, തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷനുകളിൽ നിന്ന് ആരംഭിക്കുന്നതാണ്. നിലവിൽ രാവിലെ 7.30നാണ് കൊച്ചി മെട്രോ ഞായറാഴ്ച്ചകളിൽ സർവ്വീസ് ആരംഭിച്ചിരുന്നത്.

# ഹൃദയാരോഗ്യത്തെ പിന്തുണക്കുന്ന ഭക്ഷണങ്ങൾ ശീലമാക്കണം

**കൊച്ചി:** അമിതഭക്ഷണം, പുകവലി, അമിതമായ മദ്യപാനം തുടങ്ങിയ അനാരോഗ്യകരമായ ജീവിതശൈലികൾ വ്യാപകമാവുമ്പോൾ, ഹൃദയാരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന മൂന്ന് ഭക്ഷണങ്ങൾ നിർദേശിച്ച് ന്യൂട്രീഷനും വെൽനസ് കൺസൾട്ടന്റുമായ ഷീല കൃഷ്ണസ്വാമി. ഉയർന്ന സമ്മർദവും മോശം ജീവിതശൈലി തിരഞ്ഞെടുപ്പുകളും ഹൃദയപ്രശ്നങ്ങളുടെ സാധ്യത ഗണ്യമായി വർധിപ്പിക്കുമെന്ന് അവർ പറഞ്ഞു. വെളുത്തുള്ളി, ബദാം, ഓട്സ് എന്നിവ മെച്ചപ്പെട്ട ഹൃദയാരോഗ്യത്തിന് സഹായിക്കും. കാത്സ്യം, വിറ്റാമിൻ ഇ, മഗ്നീഷ്യം, ഫൈബറുകൾ എന്നിവ ബദാമിൽ ധാരാളം അടങ്ങിയിട്ടുണ്ട്. ഹൃദ്രോഗ സാധ്യത കുറയ്ക്കുന്നതിന് കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കാനും, ഭക്ഷണത്തിൽ ആരോഗ്യകരമായ കൊഴുപ്പുകൾ നൽകാനും ബദാം സഹായിക്കും. ജോലിക്ക് പോകുന്നതിന് മുമ്പോ വൈകുന്നേരങ്ങളിലോ ബദാം കഴിക്കാം. ദ്രവിപ്പിക്കാവുന്ന നാരുകളിൽ അടങ്ങിയതാണ് ഓട്സ്, ഇത് രക്തപ്രവാഹത്തിലേക്ക് കൊളസ്ട്രോൾ ആഗിരണം ചെയ്യുന്നത് കുറയ്ക്കും. മോശം കൊളസ്ട്രോളായ എൽഡിഎൽ കൊളസ്ട്രോൾ കുറയ്ക്കാനും ഇത് സഹായിക്കും. രക്തസമ്മർദവും കൊളസ്ട്രോളും കുറയ്ക്കാൻ സഹായിക്കുന്ന അലിസിൻ എന്ന സംയുക്തം വെളുത്തുള്ളിയിൽ അടങ്ങിയിട്ടുണ്ട്, അതുവഴി ഇത് ഹൃദയാരോഗ്യത്തെയും പിന്തുണയ്ക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

# സ്റ്റാൻലി ലൈഫ്സ്റ്റൈൽസ് ലിമിറ്റഡ് ഐപിഒ 21 ന്

**കൊച്ചി:** സൂപ്പർപ്രീമിയം ആഡംബര ഫർണിച്ചർ ബ്രാൻഡായ സ്റ്റാൻലി ലൈഫ്സ്റ്റൈൽസ് ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന(ഐപിഒ) ജൂൺ 21 ന് ആരംഭിക്കും. 351369 രൂപയാണ് ഇക്വിറ്റി ഓഹരി വിലയായി നിശ്ചയിച്ചിരിക്കുന്നത്. രണ്ടു രൂപയാണ് മുഖവില. ചുരുങ്ങിയത് 40 ഓഹരികളോ ഇതിന്റെ മടങ്ങുകളോ ആയി വാങ്ങാം. ജൂൺ 25 ന് വിൽപ്പന അവസാനിക്കും. കമ്പനിയുടെ പ്രൊമോട്ടർമാരുടെ കൈവശമുള്ള 91. 3 ലക്ഷം ഇക്വിറ്റി ഓഹരികൾ വിറ്റൊഴിയും. ഇതുവഴി 200 കോടി രൂപ വരെ സമാഹരിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. സൂപ്പർ പ്രീമിയം, ലക്ഷ്വറി, അൾട്രാ ലക്ഷ്വറി തുടങ്ങി വിവിധ വില വിഭാഗങ്ങളിൽ ഹോം ഫർണിച്ചർ നിർമ്മാണ രംഗത്തെ പ്രമുഖ കമ്പനിയാണ് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാൻലി ലൈഫ്സ്റ്റൈൽസ് ലിമിറ്റഡ്. 2023 ഡിസംബർ വരെയുള്ള കണക്കുകൾ പ്രകാരം 10 വ്യത്യസ്ത രീതികളിലും മെറ്റീരിയലുകളിലുമായി 300ലധികം കളറുകളിൽ നിരവധി ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്കായി വിപണിയിലെത്തിച്ചിട്ടുണ്ട്.




# യൂണിമണിയുടെ നവീകരിച്ച ഇടപ്പള്ളി ശാഖ മാമംഗലത്ത്

**കൊച്ചി :** യൂണിമണി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ നവീകരിച്ച ഇടപ്പള്ളി ശാഖ മാമംഗലത്ത് മെട്രോപില്ലർ 477 നു സമീപം എസ് കെ വി ആർക്കേഡിന്റെ ഒന്നാം നിലയിൽ പ്രവർത്തനം തുടങ്ങി.

യൂണിമണി ഫിനാൻഷ്യൽ സർവീസസ് സിഇഒയും എംഡിയുമായ സിഎ കൃഷ്ണൻ ആർ. ഉദ്ഘാടനം നിർവഹിച്ചു. ചീഫ് ഫിനാൻഷ്യൽ ഓഫീസർ മനോജ് വി. മാത്യു, ചീഫ് പീപ്പിൾ ഓഫീസർ രതീഷ് ആർ., നാഷണൽ ബിസിനസ് ഹെഡ് ഫോറെക്സ് പ്രകാശ് ഭാസ്കർ, നാഷണൽ ബിസിനസ് ഹെഡ് ട്രാവൽ ആന്റ് ഹോളിഡെയ്സ് ജോൺ ജോർജ്ജ്, നാഷണൽ ബിസിനസ് ഹെഡ് ഗോൾഡ് ലോൺ, ടൈറ്റസ് കെ, ദക്ഷിണ കേരള സോണൽ മേധാവി അരുൺകുമാർ, എറണാകുളം മേഖലാ മേധാവി നാരായണൻ ടി ആർ, ഇടപ്പള്ളി ശാഖാ മേധാവി സുമേഷ് എസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കമ്പനിയുടെ സിഎസ് ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടപ്പള്ളി എളമക്കര റോഡിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് വാട്ടർ കൂളറും വീൽ ചെയറും മൂത്തേടം സെന്റ് മേരീസ് യു പി സ്കൂളിലെ കുട്ടികൾക്ക് സ്കൂൾ ബാഗുകളും നോട്ട് ബുക്കുകളും വിതരണം ചെയ്തു.ഇടപാടുകാർക്ക് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനാണ് മാമംഗലത്തെ എസ്കെവി ആർക്കേഡിലേക്ക് ഇടപ്പള്ളി ഓഫീസ് മാറ്റിയതെന്ന് യൂണിമണി ഡയറക്ടറും സിഇഒയുമായ സിഎ കൃഷ്ണൻ ആർ പറഞ്ഞു.




# കേരള ഫുട്ബോൾ സൂപ്പർ ലീഗ്: ഔദ്യോഗിക പങ്കാളിയായി ലേക്ക്ക്ഷോർ ഹോസ്പിറ്റൽ

**കൊച്ചി:** കേരളത്തിലെ ഫുട്ബോളിനെ ലോക നിലവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ പ്രാദേശിക സൂപ്പർ ലീഗ് കേരളയുടെ ഔദ്യോഗിക ആരോഗ്യ പങ്കാളിയായി വിപിഎസ് ലേക്ക്ക്ഷോർ ഹോസ്പിറ്റൽ. സെപ്റ്റംബർ മുതൽ ആരംഭിക്കുന്ന 45 ദിവസത്തോളം നീണ്ടു നിൽക്കുന്ന ടൂർണമെൻറിൽ കേരളത്തിൻറെ വിവിധ പ്രദേശങ്ങളിൽ നിന്ന് ആറ് ടീമുകൾ പങ്കെടുക്കുണ്ട്.

തിരുവനന്തപുരം കൊമ്പൻസ് എഫ്.സി, കൊച്ചി പൈപ്പേഴ്സ് എഫ്സി, തൃശൂർ റോർ എഫ്.സി, കാലിക്കറ്റ് എഫ്.സി, മലപ്പുറം എഫ്.സി, കണ്ണൂർ സ്ക്വാഡ് എഫ്.സി എന്നിവരാണ് ടീമുകൾ.മൂന്ന് വർഷമാണ് വിപിഎസ് ലേക്ക്ക്ഷോർ ഹോസ്പിറ്റലുമായി സൂപ്പർ ലീഗ് കേരളയുടെ കരാർ. ഇത് സംബന്ധിച്ചുള്ള ഔദ്യോഗിക ഉടമ്പടി കരാറിൻറെ ഒപ്പ് വെക്കൽ വെള്ളിയാഴ്ച കൊച്ചിയിൽ വെച്ച് നടന്നു.

ഈ ഉടമ്പടി പ്രകാരം വിപിഎസ് ലേക്ക്ക്ഷോർ കളിക്കാർക്കും ഉദ്യോഗസ്ഥർക്കും സാങ്കേതിക പ്രവർത്തകർക്കും മറ്റുള്ളവർക്കും സമഗ്രമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കും.സൂപ്പർ ലീഗ് കേരള അരങ്ങേറുന്ന കൊച്ചിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കോഴിക്കോട് ഇഎംഎസ് കോർപ്പറേഷൻ സ്റ്റേഡിയം, മഞ്ചേരിയിലെ സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം എന്നിവിടങ്ങളിൽ വിപിഎസ് ലേക്ക്ക്ഷോർ മെഡിക്കൽ ടീമിനെ വിന്യസിക്കും. ഓരോ വേദിയിലും അത്യാധുനിക ആംബുലൻസുകളും അലേർട്ട് മെഡിക്കൽ പ്രൊഫഷണലുകളും ഉൾപ്പെടെ അത്യാധുനിക അടിയന്തര സൗകര്യങ്ങളും സജ്ജീകരിക്കും.

കേരളത്തിലെ സുപ്രധാനപ്പെട്ട ഒരു അന്തർദേശീയ ടൂർണമെൻറിൻറെ ഭാഗമാകാനും യുവാക്കളും കഴിവുറ്റവരുമായ ഫുട്ബോൾ കളിക്കാരുടെ ആരോഗ്യവും അവരുടെ മികച്ച പ്രകടനങ്ങളെ പരിപോഷിപ്പിക്കാനും ലഭ്യമായ ഈ അവസരം അതിൻറെ പൂർണ്ണതയിൽ പ്രവർത്തികമാക്കുമെന്നും കളിക്കാരുടെ കായികനിലവാരം മെച്ചപ്പെടുത്തുന്നതിനും ലോകോത്തര മെഡിക്കൽ പരിചരണം നൽകുന്നതിനും ഈ സഹകരണം സഹായകമാകുമെന്നും ധാരണ പത്രത്തിൽ ഒപ്പിടുന്ന ചടങ്ങിൽ സംസാരിച്ച വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിൻറെ മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള പറഞ്ഞു.



# സുസ്ഥിര ചുറ്റുവട്ടം പദ്ധതി: രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചി നഗരം അനുഭവിച്ചു വരുന്ന കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനായി കൊച്ചി നഗരസഭ വിഭാവനം ചെയ്ത സുസ്ഥിര ചുറ്റുവട്ടം പദ്ധതിയുടെ രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്തു. തട്ടാഴം ഡിവിഷനിലുള്ള ഡോൺബോസ്കോ ക്യാമ്പസിൽ വച്ച് നടന്ന ചടങ്ങിൽ കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ഷിബു ഡേവിസ്, എസ് ഡി ബി, റെക്ടർ, ഡോൺബോസ്കോ അധ്യക്ഷത വഹിച്ചുഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷന്റെ സി എസ് ആർ സാമ്പത്തിക സഹായത്തോടെ ഏകദേശം 30 ലക്ഷം രൂപ ചിലവഴിച്ചാണ് പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിച്ചത്. പദ്ധതിയുടെ ഭാഗമായി 30 കിലോവാട്ട് ശേഷിയുള്ള സോളാർ റൂഫ്ടോപ്പ് പാനലുകൾ, ഈ സോളാർ പാനലുകളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഫ്ളഡ് ലൈറ്റുകൾ, പ്രതിദിനം 750 കിലോഗ്രാം ഖരമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് എന്നിവയാണ് സ്ഥാപിച്ചിരിക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടം എളമക്കര നോർത്ത്, പുതുക്കലവട്ടം എന്നീ ഡിവിഷനുകളിൽ കഴിഞ്ഞവർഷം പൂർത്തീകരിച്ചിരുന്നു. ഡോൺ ബോസ്കോയിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റിൽ ഡോൺ ബോസ്കോയിലെ സീവേജ് മാലിന്യം സംസ്കരിക്കും. ഒപ്പം തട്ടാഴം ഡിവിഷനിലെ വീടുകളിൽ നിന്നുള്ള ഖരമാലിന്യവും വാതകമാക്കി മാറ്റും. സോളാർ പാനൽ ഉപയോഗിച്ചുകൊണ്ടുള്ള സ്ട്രീറ്റ് ലൈറ്റ് അവിടത്തെ ഗ്രൗണ്ടുകളെ പ്രകാശപൂരിതമാക്കും.




# ഐഐടി മദ്രാസിൽ ബി.ടെക് എഐ, ഡാറ്റാ അനലിറ്റിക്സ് പ്രോഗ്രാം

**തിരുവനന്തപുരം :** ഐഐടി മദ്രാസ് ബിടെക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ് കോഴ്സുകളാരംഭിച്ചു. 2024 25 അധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനമുണ്ടാകും. വാധ്വാനി സ്കൂൾ ഓഫ് ഡാറ്റാ സയൻസ് ആൻഡ് എഐ മുഖേനയാണ് കോഴ്സ് നടപ്പാക്കുന്നത്.എഐ, ഡാറ്റാ അനലിറ്റിക്സ് എന്നിവയുടെ വിവിധ വശങ്ങളിൽ വൈദഗ്ദ്ധ്യം വളർത്തിയെടുക്കാൻ പ്രോഗ്രാം ലക്ഷ്യമിടുന്നു. ജെഇഇ വഴി പ്രവേശനം നേടുന്ന 50 വിദ്യാർത്ഥികളായിരിക്കും ഇതിന് ഉണ്ടാവുക. വ്യത്യസ്തമായ ഇന്റർ ഡിസിപ്ലിനറി ഫ്ലേവറിനു പുറമെ ഗണിത അടിസ്ഥാനകാര്യങ്ങൾ, ഡാറ്റാ സയൻസ് /എഐ/എംഎൽ ഫൗണ്ടേഷനുകൾ, ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, റെസ്പോൺസിബിൾ ഡിസൈൻ എന്നിവയ്ക്ക് മികച്ച ഊന്നൽ നൽകും. ജോയിന്റ് സീറ്റ് അലോക്കേഷൻ അതോറിറ്റി (ജെഒഎസ്എഎ) 2024 ബാച്ചിലേക്കുള്ള കൗൺസലിംഗ് നിലവിൽ നടന്നുകൊണ്ടിരിക്കുകയാണ്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു ദശാബ്ദത്തിലേറെയായി മദ്രാസ് ഐഐടി ഫാക്കൽറ്റി നേടിയ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പാഠ്യപദ്ധതി വികസിപ്പിച്ചെടുത്തതെന്ന് എഐടി മദ്രാസ് ഡയറക്ടറും കമ്പ്യൂട്ടർ സയൻസ് ഫാക്കൽറ്റിയുമായ പ്രൊഫ. വി.കാമകോടി പറഞ്ഞു.വികസിച്ചുകൊണ്ടിരിക്കുന്ന വിപണിയിലെ വലിയ എഐ വെല്ലുവിളികളെ വളരെ ആത്മവിശ്വാസത്തോടെ ഏറ്റെടുക്കാൻ കഴിയുന്ന മികച്ച എഐ പ്രൊഫഷണലുകളെയും സംരംഭകരെയും ഗവേഷകരെയും സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നുവെന്ന് പ്രൊഫ. വി.കാമകോടി പറഞ്ഞു

# വാഹനങ്ങളിൽ സുരക്ഷാ ഫീച്ചറുകൾ മെച്ചപ്പെടുത്തി ഹോണ്ട

**ന്യൂഡൽഹി:** പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) എലിവേറ്റ്, സിറ്റി, സിറ്റി ഇ:എച്ച്ഇവി, അമേസ് മോഡലുകളുടെ ലൈനപ്പിൽ നവീകരിച്ച സുരക്ഷാ ഫീച്ചറുകൾ അവതരിപ്പിച്ചു. ആറ് എയർബാഗുകൾ, ത്രീ പോയിന്റ് എമർജൻസി ലോക്കിംഗ് റിട്രാക്ടർ സീറ്റ് ബെൽറ്റുകൾ, സീറ്റ് ബെൽറ്റ് റിമൈൻഡർ എന്നിവ സിറ്റി & എലവേറ്റിന്റെ ഗ്രേഡുകളിലുടനീളം ഇനി മുതൽ സ്റ്റാൻഡേർഡ് ഓഫറാണ്.

ഇതിനകം ആറ് എയർബാഗുകൾ കൊണ്ട് സജ്ജീകരിച്ചിട്ടുള്ള സിറ്റി ഇ:എച്ച്ഇവി, ഇപ്പോൾ അഞ്ച് യാത്രക്കാർക്കും സീറ്റ് ബെൽറ്റ് റിമൈൻഡറുകളും അവതരിപ്പിക്കും. 5 യാത്രക്കാർക്കും സീറ്റ് ബെൽറ്റ് റിമൈൻഡറുകളോടൊപ്പം മെച്ചപ്പെട്ട സുരക്ഷയും ഹോണ്ട അമേസ് അവതരിപ്പിക്കും.



'ഡ്രൈവർമാർക്കുള്ള സംരക്ഷണത്തിന് മുൻഗണന നൽകി, സുരക്ഷാ ഫീച്ചറുകളുടെ സമഗ്രമായ സ്യൂട്ടിലൂടെ ഉപഭോക്താക്കളുടെ സുരക്ഷയോടുള്ള അചഞ്ചലമായ പ്രതിബദ്ധതയാണ് ഹോണ്ട പ്രകടിപ്പിക്കുന്നതെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് പ്രസിഡന്റും സിഇഒയുമായ മിസ്റ്റർ തകുയ സുമുറ പറഞ്ഞു.




# നിക്ഷേപ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു

**തൃശൂർ:** സിഡിഎസ്എൽ ഇൻവെസ്റ്റർ പ്രൊട്ടക്ഷൻ ഫണ്ട് (സിഡിഎസ്എൽ ഐപിഎഫ്) കേരളത്തിലെ വിദ്യാർത്ഥികൾക്കായി നിക്ഷേപ ബോധവൽക്കരണ പരിപാടികൾ വിവിധ കോളേജുകളിലും ഐടിഐകളിലും സംഘടിപ്പിച്ചു. സാമ്പത്തിക സാക്ഷരത പ്രോത്സാഹിപ്പിക്കുന്നതിലും മൂലധന വിപണിയിലെ നിക്ഷേപത്തിന് അനുസൃതമായി അറിവുള്ള തീരുമാനങ്ങൾ എടുക്കാൻ നിക്ഷേപകരെ ശാക്തീകരിക്കുന്നതിലും പ്രോഗ്രാം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിപുലമായ പ്രേക്ഷകരെ ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പാക്കുന്നതിനായി പരിപാടി മലയാളത്തിലും ഇംഗ്ലീഷിലും നടത്തി. നിക്ഷേപങ്ങളുടെ അടിസ്ഥാന കാര്യങ്ങളെ കൂടാതെ ഒരു ഡിപ്പോസിറ്ററി എങ്ങനെ പ്രവർത്തിക്കുന്നു എന്നതും വിഷയങ്ങളിൽ ഉൾപ്പെടുന്നു.മൂലധന വിപണിയിൽ സാമ്പത്തിക ഉൾപ്പെടുത്തൽ കൈവരിക്കുന്നതിൽ നിക്ഷേപക വിദ്യാഭ്യാസം ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ നിക്ഷേപകർക്ക് മൂലധന വിപണിയിലെ സങ്കീർണ്ണതകളെ ആത്മവിശ്വാസത്തോടെ തരണം ചെയ്യാനും ഒരു ആത്മനിർഭർനിവേശക് ആകാനും ആവശ്യമായ അറിവും നൈപുണ്യവും നൽകാനാണ് സിഡിഎസ്എൽ ഐപിഎഫ് ലക്ഷ്യമിടുന്നത്.സാമ്പത്തിക സാക്ഷരത പ്രചരിപ്പിക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ സിഡിഎസ്എൽ ഐപിഎഫ ഈ വർഷം കൂടുതൽ നിക്ഷേപക ബോധവത്കരണ പരിപാടികൾ രാജ്യവ്യാപകമായി നടത്തുന്നത് തുടരും.

# ഫ്ളിപ്പ്കാർട്ട് ഗ്ലാം അപ്പ് ഫെസ്റ്റ് രണ്ടാം പതിപ്പിനു തുടക്കം

**കൊച്ചി:** ഫ്ളിപ്പ്കാർട്ട് ഗ്ലാം അപ്പ് ഫെസ്റ്റ് 2024 ന്റെ രണ്ടാം പതിപ്പിനു തുടക്കമായി. ജൂൺ 17 വരെ നടക്കുന്ന ഗ്ലാം അപ്പ് സെയിലിൽ പ്രീമിയം, ഹോംഗ്രൗൺ ഡിടുസി പോലുള്ള 70ലധികം ബ്രാൻഡുകളിലുടനീളമുള്ള സൗന്ദര്യവർദ്ധക, ചർമ്മ സംരക്ഷണ, സുഗന്ധ ഉൽപ്പന്നങ്ങൾ മികച്ച ഓഫറുകളിൽ ഫ്ളിപ്പ്കാർട്ട് ലഭ്യമാക്കും. ഈ വിൽപ്പനയിലൂടെ, ഫ്ലിപ്പ്കാർട്ട് ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന വിലയിൽ ഉത്പന്നങ്ങൾ വിവിധ പിൻ കോഡുകളിലുള്ളവർക്ക് ലഭ്യമാക്കും. ലോറിയൽ, ലാക്മേ, മബെല്ലിൻ, ഷുഗർ കോസ്മറ്റിക്സ്, മാമഎർത്, റീബോക്, റിവ്ലോൺ, ന്യൂട്രജന, സെറ്റഫിൽ എന്നിവയുടെ പുതിയ ലോഞ്ചുകളും ഡീലുകളും സിഗനേച്ചർ ശേഖരണങ്ങളും സെയിലിന്റെ ഭാഗമാണ്.

ഫ്ളിപ്പ്കാർട്ടിന്റെ ഏറ്റവും വലിയ സൗന്ദര്യ മാമാങ്കമായ ഗ്ലാം അപ്പ് ഫെസ്റ്റിന്റെ രണ്ടാം പതിപ്പിലൂടെ ഉപഭോക്താക്കൾക്കായി മികച്ച ബ്യൂട്ടി ഷോപ്പിംഗ് അനുഭവം നൽകുമെന്ന് ഫ്ലിപ്പ്കാർട്ടിലെ എഫ്എംസിജി, ജനറൽ മെർച്ചൻഡൈസ് ബിസിനസ് മേധാവി മഞ്ജരി സിംഗാൾ പറഞ്ഞു. ഗ്ലാം അപ്പ് ഫെസ്റ്റിന്റെ ആരംഭം മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ നടക്കും. ഇതിൽ 3,500ലധികം ഇൻഫ്ലുവൻസർമാരും 70ലധികം മുൻനിര ബ്രാൻഡുകളുടെയും പങ്കാളിത്തം ഉണ്ടായിരിക്കും. തപ്സി പന്നു, സിദ്ധാന്ത് ചതുർവേദി, അദാ ശർമ്മ തുടങ്ങിയ താരങ്ങളും പങ്കെടുക്കും.

# ജുവൽ ഓറം കേന്ദ്ര ഗോത്രവർഗകാര്യ മന്ത്രിയായി ചുമതലയേറ്റു

**ന്യൂഡൽഹി:** ജുവൽ ഓറം ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്ര ഗോത്ര വർഗകാര്യ മന്ത്രിയായി ചുമതലയേറ്റു. ചടങ്ങിൽ മന്ത്രിയെ ഗോത്രവർഗകാര്യ സെക്രട്ടറി വിഭു നായരും മന്ത്രാലയത്തിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും സ്വാഗതം ചെയ്തു.

മന്ത്രാലയത്തിന്റെ ചുമതലയേറ്റ ശേഷം, തന്നിൽ വിശ്വാസം അർപ്പിച്ചതിനും ആദിവാസി സമൂഹങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ അവസരം നൽകിയതിനും പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് ജുവൽ ഓറം നന്ദി രേഖപ്പെടുത്തുകയും ചെയ്തു. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ 10 വർഷത്തിനിടെ, രാജ്യത്തുടനീളമുള്ള ആദിവാസികളുടെ സർവതോമുഖമായ വികസനം ഉറപ്പാക്കാൻ മന്ത്രാലയം വളരെയധികം പ്രവർത്തിച്ചിട്ടുണ്ടെന്ന് മാധ്യമങ്ങളെ അഭിസംബോധന ചെയ്ത് മന്ത്രി പറഞ്ഞു. ഭാവിയിൽ ആദിവാസികളുടെ സമഗ്ര വികസനത്തിനായുള്ള പ്രതിജ്ഞാബദ്ധത അദ്ദേഹം അറിയിച്ചു.

ചുമതലയേറ്റ ശേഷം, മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഓറം അധ്യക്ഷനായി. നിലവിലുള്ള വിവിധ പരിപാടികളുടെയും പദ്ധതികളുടെയും പുരോഗതി അദ്ദേഹം അവലോകനം ചെയ്തു. രാജ്യത്തുടനീളമുള്ള ആദിവാസികളുടെ സർവതോന്മുഖമായ വികസനം ഉറപ്പാക്കുന്നതിൽ യാതൊരു വീഴ്ചയും വരുത്തരുതെന്ന് മന്ത്രി എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി.

# പോസ്റ്റ് കാർഡ്സ് ഫ്രം മേഘാലയ നാഷണൽ ജിയോഗ്രാഫിക്കിൽ




**ഷില്ലോങ്:** മേഘാലയയുടെ സംസ്കാരം, പാചകരീതി, പ്രകൃതിഭംഗി എന്നിവയുടെ ഹൃദയത്തിലേക്കുള്ള ഒരു ദൃശ്യവിവരണ പാരമ്പരയായ 'പോസ്റ്റ് കാർഡ്സ് ഫ്രം മേഘാലയ' നാഷണൽ ജിയോഗ്രാഫിക് ചാനലിൽ പ്രീമിയർ ചെയ്യുമെന്ന് മേഘാലയ ഗവൺമെന്റ് ടൂറിസം വകുപ്പ് പ്രഖ്യാപിച്ചു.

മേഘാലയയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം, ഹൃദ്യമായ പ്രകൃതിഭംഗി, പാചകരീതികൾ എന്നിവ ഉയർത്തിക്കാട്ടിക്കൊണ്ട്, മേഘാലയയുടെ വിസ്മയിപ്പിക്കുന്ന ഭൂപ്രകൃതിയിലേക്ക് കാഴ്ചക്കാരെ എത്തിക്കുകയാണ് ഈ ആകർഷകമായ സീരീസ് ലക്ഷ്യമിടുന്നത്.

നാഷണൽ ജിയോഗ്രാഫിക് ക്രിയേറ്റീവ് വർക്ക്സ് നിർമ്മിച്ച ഈ പരമ്പര ഷില്ലോങ്ങിലെ തിരക്കേറിയ തെരുവുകൾ മുതൽ ഉമിയം തടാകത്തിലെ ശാന്തമായ വെള്ളവും നോങ്ഗ്രാറ്റിന്റെ ഐക്കണിക് ലിവിംഗ് റൂട്ട് ബ്രിഡ്ജുകളും വരെ മേഘാലയയിലെ വൈവിധ്യവും മനോഹരവുമായ പ്രദേശങ്ങൾ പരമ്പരയിൽ കാണാം.



# ചരിത്രപ്രസിദ്ധമായ ഓച്ചിറക്കളി ഇന്നും നാളെയും

**കരുനാഗപ്പള്ളി:** ഓണാട്ടുകരയുടെ പ്രധാന ഉത്സവങ്ങളിൽ ഒന്നായ ഓച്ചിറക്കളി ഇന്നും നാളെയും നടക്കും. കരുനാഗപ്പള്ളി കാർത്തികപ്പള്ളി മാവേലിക്കര താലൂക്കുകളിൽ ഉൾപ്പെട്ട 52 കരകളിൽപ്പെട്ടവരുടെ നേതൃത്വത്തിലാണ് ഓച്ചിറക്കളി നടന്നു വരുന്നത്. ഉത്സവത്തിനപ്പുറം ഇത് ഒരു ആയോധന കല കൂടിയാണ്.

രാജ ഭരണകാലത്ത് സൈനിക പരിശീലനങ്ങളും യുദ്ധമുറകളും അരങ്ങേറിയിരുന്നത് വിശാലമായ പടനിലങ്ങളിലായിരുന്നു. അത്തരത്തിൽ ഏറ്റവും പ്രസിദ്ധിയുള്ളതാണ് ഓച്ചിറ പടനിലം.

ചെറു രാജ്യങ്ങൾ തമ്മിൽ നടന്ന യുദ്ധത്തിൻറെ ഓർമ നിലനിറുത്തുന്നതു കൂടിയാണ് ഓച്ചിറക്കളി നടന്നു വരുന്നത്. വിവിധ കരകളിൽ നിന്ന് ആചാരാനുഷ്ഠാനങ്ങളോടെ വിവിധ കളിസംഘങ്ങളിൽ ആശാന്മാരുടെ നേതൃത്വത്തിൻ യുദ്ധമുറകൾ അഭ്യസിച്ചാണ് ഓച്ചിറക്കളിയിൽ പങ്കെടുക്കുന്നത്.

പടയാളികൾ അന്നദാന മന്ദിരത്തിനു മുന്നിൽ നിന്നും ഋഷഭങ്ങൾ, വാദ്യമേളങ്ങളോടുകൂടി ഘോഷയാത്രയായി രണ്ട് ആൽത്തറകളും എട്ടുകണ്ടവും തകിടി കണ്ടവും വലം വച്ച്, ഗണപതി ആൽത്തറയിൽ തിരികെയെത്തി രണ്ട് കരകളായി പിരിഞ്ഞു.

തുടർന്ന് കളിയാശാൻമാരുടെ നേതൃത്വത്തിലാണ് ആദ്യ ദിവസത്തെ കളി അരങ്ങേറിയത്. കുട്ടികൾ മുതൽ വയോധികർ വരെ ആയോധനകലയിൽ പങ്കെടുക്കും.

ആദ്യം കരനാ ഥൻമാരുടെ നേതൃത്വത്തിൽ കരയിൽ തങ്ങളുടെ ആയോധനാഭ്യാസങ്ങൾ പ്രദർശിപ്പിക്കും തുടർന്ന് എട്ടു കണ്ടത്തിലേക്ക് ഇറങ്ങും. അഭ്യാസപ്രകടനങ്ങൾക്കു ശേഷം തകിടി കണ്ടത്തിലേക്കും യോദ്ധാക്കൾ പോരിനിറങ്ങും. കരനാ ഥൻമാർ കരപിരിഞ്ഞ് അടുത്ത ദിവസം എത്താമെന്ന് അറിയിച്ചു പിരിഞ്ഞു.

ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി ക്ഷേത്ര ഭരണസമിതിയും പോലീസും ആരോഗ്യവകുപ്പും നിതാന്ത ജാഗ്രതയോടെ ക്ഷേത്ര മൈതാനത്ത് ഉണ്ടായിരിക്കും.



# ഓണവിപണി ലക്ഷ്യമാക്കി ചേലക്കരയിലെ കർഷകർ

**പഴയന്നൂർ:** കാലാവസ്ഥ ചതിച്ച് കടക്കെണിയിലായ ചേലക്കര മേഖലയിലെ പച്ചക്കറികർഷകർ ഓണവിപണിക്കെങ്കിലും കടക്കെണിയിൽനിന്ന് കരകയറ്റണേ എന്ന പ്രാർഥനയോടെ ഇത്തവണയും പയർകൃഷി നടത്തുകയാണ്. ആദ്യ വിളയായി ചെയ്ത പാവയ്ക്ക കൃഷിയിൽ പണിക്കൂലിക്കുള്ള വിളവുപോലും ലഭിക്കാതെ കൃഷി നശിക്കുകയായിരുന്നു. ചൂട് അധികരിച്ചപ്പോൾ വൈറസ് രോഗവും മുരടിപ്പും വന്ന് ചെടികൾ പാടേ നശിച്ചതാണു കാരണമായത്.

വിളയിറക്കാനും പന്തലിനും ഒക്കെയായി ഒരേക്കറിന് രണ്ടു ലക്ഷത്തോളം രൂപ ചെലവഴിച്ചത് ഓരോരുത്തർക്കും നഷ്ടമായി. ഇത്തവണ പലരും രണ്ടാം വിളയായി പയറാണ് കൃഷിചെയ്തിരിക്കുന്നത്. പഴയ തടത്തിലും പന്തലിലുംതന്നെ പയർ കയറ്റാനുള്ള രീതിയിൽ കൃഷി ചെയ്യുന്നതിനാൽ അതിൻറെ ചെലവെങ്കിലും കുറയുമെന്ന കാരണവുമുണ്ട്. ആലത്തൂരിലെ വിഎഫ്പിസികെയിൽനിന്നു വാങ്ങിയ കർണാടക യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത അറക്കാ മംഗള ഇനത്തിൽപ്പെട്ട പയർ വിത്താണ് പല കർഷകരും കൃഷി ചെയ്തിട്ടുള്ളത്. ഒരു കിലോ വിത്തിന് 1500 രൂപയാണ് വില.

വിത്ത് നട്ടാൽ 110 ദിവസം വരെയാണ് ആയുസ്. അറുപത് ദിവസം കഴിയുമ്പോഴാണ് പയർ പറിച്ചു തുടങ്ങുക. ഒന്നിടവിട്ട ദിവസങ്ങളിലാണ് വിളവെടുക്കാം. കൃഷിയുടെ മൊത്തം വിളവെടുപ്പിൽ ഒരേക്കറിൽ നിന്ന് ശരാശരി രണ്ടര ടണ്ണാണ് പ്രതീക്ഷ.

# പ്ലാസ്റ്റിക് ബോട്ടിൽ ശേഖരണം: സിഎസ്ആർ ഫണ്ടുകൾ ഉപയോഗപ്പെടുത്തണമെന്ന് ഹൈക്കോടതി




**കൊച്ചി:** പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കാൻ എറണാകുളം ജില്ലയിൽ മതിയായ സൗകര്യമില്ലാത്ത സാഹചര്യത്തിൽ ഇതിനായി സിഎസ്ആർ ഫണ്ടുകൾ ഉപയോഗപ്പെടുത്തണമെന്ന് ഹൈക്കോടതി.

പത്തനംതിട്ട, പാലക്കാട്, ആലപ്പുഴ ജില്ലകളിലും ഇത്തരം സൗകര്യങ്ങൾ തീർത്തും കുറവാണെന്നും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കവേ ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്, ജസ്റ്റിസ് പി. ഗോപിനാഥ് എന്നിവരടങ്ങുന്ന ഡിവിഷൻബെഞ്ച് വ്യക്തമാക്കി. ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബ്രഹ്മപുരത്ത് ഭൂമിക്കടിയിലുള്ളത് ഏഴു ലക്ഷം ടണ്ണിലധികം മാലിന്യമെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി.

മഴയും വെള്ളക്കെട്ടുമുണ്ടായാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴുകിനടക്കുന്ന കാഴ്ചയാണ് കൊച്ചിയിലേതെന്ന് കോടതി ചൂണ്ടിക്കാട്ടി. മഴക്കാലമെത്തിയിട്ടും കനാലുകളിലേക്ക് തുറക്കുന്ന ഭാഗം പലയിടങ്ങളിലും വൃത്തിയാക്കാത്തതാണ് മാലിന്യമടിയുന്നതിൻറെ പ്രധാന കാരണം.

കൊച്ചിയിൽ ശരിയായ ഡ്രെയിൻ മാപ്പിംഗും ക്ലീനിംഗ് കലണ്ടറുമില്ലാത്തതിനാൽ ഓടകളുടെ ആഴവും ഒഴുക്കും കൃത്യമായി നിർണയിക്കാനാകുന്നില്ലെന്നും സ്റ്റേഡിയം ലിങ്ക് റോഡ് കനാൽ രണ്ടു തവണ ശുചിയാക്കിയിട്ടും വീണ്ടും പ്ലാസ്റ്റിക് തള്ളുകയാണെന്നും കൊച്ചി കോർപറേഷൻ സെക്രട്ടറി അറിയിച്ചു.

കളമശേരിയിൽ മെട്രോയുടെ സ്ഥലത്തു നിന്ന് മാലിന്യം നീക്കാൻ കരാറെടുത്തിട്ടുള്ള സ്വകാര്യ ഏജൻസി ഇതെങ്ങോട്ടേക്കാണ് കൊണ്ടുപോകുന്നതെന്നതിൽ വ്യക്തത വേണം. ആലപ്പുഴയിൽ നിന്നുള്ള കക്കൂസ്, പ്ലാസ്റ്റിക് മാലിന്യ മടക്കം ഫോർട്ടുകൊച്ചി തീരത്തേക്ക് ഒഴുകിയെത്തി അവിടെ അടിഞ്ഞു കൂടുന്ന സാഹചര്യമുണ്ടെന്ന് അമിക്കസ് ക്യൂറി കോടതിയെ അറിയിച്ചു.

നഗരസഭയും തുറമുഖ ട്രസ്റ്റിലെ വിദഗ്ധരുമായി ചേർന്ന് അടിയന്തര പരിഹാരം ആലോചിക്കണമെന്ന് കോടതി നിർദേശിച്ചു. ഫാക്ട് വളപ്പിലെ ജിപ്സം മല നീക്കി ഹൈവേ വികസനത്തിന് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണമെന്ന കോടതി നിർദേശത്തിൽ ദേശീയപാത അഥോറിറ്റി തണുപ്പൻ സമീപനമാണ് സ്വീകരിച്ചതെന്നും കുന്നിടിച്ച് മണ്ണു കൊണ്ടുവരുന്നതിലാണോ അഥോറിറ്റിക്ക് താൽപ്പര്യമെന്നും ചോദിച്ചു.

കടലിൻറെ ആഴം കൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണ് ഉപയോഗിക്കുന്ന കാര്യത്തിലും പ്രതികരണമില്ല. എന്നാൽ, കോടതി നിർദേശം അവഗണിച്ചതല്ലെന്നും ജിപ്സം മണ്ണുമായി കലർത്തി ഉപയോഗിക്കുന്നതിൻറെ പഠനറിപ്പോർട്ട് കാത്തിരിക്കുകയാണെന്നുമായിരുന്നു ഹൈവേ അധികൃതരുടെ മറുപടി. ഇക്കാര്യത്തിലുള്ള സാധ്യത വീണ്ടും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കോടതി നിർദേശിച്ചു.

## സൗജന്യ പരീക്ഷാ പരിശീലനം

**കൊച്ചി:** ആലുവ സബ് ജയിൽ റോഡിൽ സ്ഥിതി ചെയ്യുന്ന ഗവ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെൻ്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ/ പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു അടിസ്ഥാന യോഗ്യതയാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷകൾക്കുള്ള സൗജന്യ പരിശീലനം ജൂലൈ ഒന്നിന് ആരംഭിക്കുന്നു. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ ബി സി/ഇ ഇ സി വിഭാഗത്തിൽ പ്പെട്ടവർക്ക് 30 ശതമാനം സീറ്റ് അനുവദനീയമാണ്. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പൻ്റ് ലഭിക്കും.

അപേക്ഷകർ യോഗ്യത സർട്ടിഫിക്കറ്റുകൾ, ഫോട്ടോ, ജാതി, വരുമാനം, എന്നിവയുടെ സർട്ടിഫിക്കറ്റ് സഹിതം ജൂൺ 26ന് മുമ്പ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിൻ്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭിക്കും.

## അസിസ്റ്റൻ്റ് പ്രൊഫസർ നിയമനം

**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻ്റ്ലൂം ടെക്നോളജികണ്ണൂരിന് കീഴിലുള്ള കോസ്റ്റ്യൂം ആൻ്റ് ഫാഷൻ ഡിസൈനിങ്ങ് കോളേജിൽ, അസിസ്റ്റൻ്റ് പ്രൊഫസർ (ഇൻ്റീരിയർ ഡിസൈനിങ്ങ് ആൻ്റെ ഫർണിഷിങ്ങ്) തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി, എം.ആർക്ഇൻ്റീരിയർ ഡിസൈനിങ്./എം.എസ്.സി ഇൻ്റീരിയർ ഡിസൈനിങ്,/ ബി.ആർക്ഇൻ്റീരിയർ ഡിസൈനിങ്, യൂജിസി നെറ്റ്, 58 വർഷത്തെ അധ്യാപന പരിചയം എന്നീ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. യോഗ്യതയുള്ളവർ വയസ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും, ബയോഡാറ്റയും സഹിതം ജൂൺ 24 ന് വൈകിട്ട് 5 മുമ്പായി എക്സിക്യൂട്ടീവ് ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻ്റ് ലൂം ടെക്നോളജികണ്ണൂർ, പി.ഒ. കിഴുന്ന, തോട്ടട, കണ്ണൂർ7 വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ അപേക്ഷ സമർപ്പിക്കണം. ഇമെയിൽ മുഖേനയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് 0497 2835390, 0497 2965390.

## ഡിജിറ്റൽ ഡിപ്ലോമ ഇൻ മാർക്കറ്റിംഗ് അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:** കളമശ്ശേരി ഗവ. വനിത ഐ.ടി.ഐ യിൽ ഐ.എം.സി യുടെ ആഭിമുഖ്യത്തിൽ, പ്ലസ് ടു മുതൽ യോഗ്യതകൾ ഉള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ചുരുങ്ങിയ ചെലവിൽ കേന്ദ്ര സർക്കാർ അംഗീകാരത്തോടെ നടത്തുന്ന ഡിജിറ്റൽ ഡിപ്ലോമ ഇൻ മാർക്കറ്റിംഗ് കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചു. വിശദവിവരങ്ങൾക്ക് 8075305445, 8078353431

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** വനിത ശിശുവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന നോർത്ത് പറവൂർ ശിശുവികസന പദ്ധതി ഓഫീസറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ജൂലൈ മുതൽ ഒരു വർഷ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിനായി മുദ്ര വച്ച കവറിൽ മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു. വാഹനത്തിന്, (കാർ, ജീപ്പ്) 7 വർഷത്തിലധികം കാലപ്പഴക്കം ഉണ്ടാകരുത്, കൂടാതെ ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപ്രകാരമുള്ള എല്ലാ രേഖകളും ഉണ്ടായിരിക്കണം. പ്രതിമാസം 800 കി.മി. വരെ വാഹനം ഓടുന്നതിന് പരമാവധി 20,000 രൂപ യാണ് അനുവദിക്കുക. വാഹന വാടക മാത്രമേ ഈ കരാർ പ്രകാരം നൽകുകയുള്ളു. സ്റ്റോർ പർച്ചേസ് റൂൾസ് അനുശാസിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും. ദർഘാസ് സമർപ്പിക്കുന്നവർ വാഹനത്തിൻ്റെ വാടകതുക വ്യക്തമായി രേഖപ്പെടുത്തണം. ദർഘാസിനോടൊപ്പം അടങ്കൽ തുകയുടെ ഒരു ശതമാനം ഇ.എം.ഡി. ഉണ്ടായിരിക്കണം. മുദ്രവച്ച ദർഘാസ് ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് ടെൻഡർ 20242025 കരാർ വാഹന എന്ന് വ്യക്തമായി രേഖപ്പെടുത്തണം. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 19 ഉച്ചയ്ക്ക് ഉച്ചയ്ക്ക് 1 വരെ.

# ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ സീറ്റ് ഒഴിവ്

**കൊച്ചി:** കേരള ടൂറിസം വകുപ്പിന് കീഴിൽ കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു വർഷം ദൈർഘ്യമുള്ള ഹോട്ടൽ മാനേജ്മെൻ്റ് കോഴ്സായ ഫുഡ് പ്രൊഡക്ഷനിൽ പട്ടികവർഗ്ഗ, പിന്നോക്ക ഹിന്ദു, വിശ്വകർമ്മ, ഇഡബ്ല്യുഎസ് വിഭാഗങ്ങളിൽ ഓരോ സീറ്റും ബേക്കറി കൺഫെക്ഷണറി കോഴ്സിൽ കുശവ വിഭാഗത്തിൽ ഓരോ സീറ്റും ഇഡബ്ല്യുഎസ് വിഭാഗത്തിൽ നാല് സീറ്റും ഒഴിവുണ്ട്. കൂടാതെ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഹോട്ടൽ അക്കോമഡേഷൻ ഓപ്പറേഷൻ, ഫുഡ് ആൻ്റ് ബീവറേജ് സർവീസ്, കാനിങ് ആൻ്റ് ഫുഡ് പ്രിസർവേഷൻ എന്നീ കോഴ്സുകളിലും ഏതാനും സീറ്റുകൾ ഒഴിവുണ്ട്. സ്പോട്ട് അഡ്മിഷന് വേണ്ടി അസൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ട് ഹാജരാകണം .

യോഗ്യത: പ്ലസ് ടു തത്തുല്യം. ഫോൺ: 0484 2558385, 9188133492.

# കെയർടേക്കറുടെ ഒഴിവിലേക്ക് നിയമനം

**കൊച്ചി:** വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിൻ്റെ കീഴിൽ കിഴക്കമ്പലം പഞ്ചായത്തിലെ അമ്പുനാട് പ്രവർത്തിക്കുന്ന പകൽ വീട്ടിലെ കെയർടേക്കറുടെ ഒഴിവിലേക്ക് 179 ദിവസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ വെങ്ങോല, വാഴക്കുളം, കിഴക്കമ്പലം എന്നീ പഞ്ചായത്ത് പരിധിയിൽ സ്ഥിര താമസക്കാരായ 21 നും 45 നും മദ്ധ്യേ പ്രായമുള്ള വനിതകളായിരിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഐ സി ഡി എസ് പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 048402677209

# ഫെസിലിറ്റേറ്റർ വാക്ക് ഇൻ ഇൻ്റർവ്യൂ 20ന്

**കൊച്ചി:**പിന്നാക്കം നിൽക്കുന്ന പട്ടികവർഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കിയ സാമൂഹ്യപഠനമുറി പദ്ധതികളുടെ ഭാഗമായി ആരംഭിച്ച പിണവൂർക്കുടി സാമൂഹ്യമുറിയിൽ നിലവിൽ വന്നിരിക്കുന്ന ഫെസിലിറ്റേറ്റർ ഒഴിവിലേക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളുമായി കൂടിക്കാഴ്ച നടത്തുന്നു.

താല്പര്യമുള്ളവർ വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ അപേക്ഷ, ജാതി, വരുമാനം. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തിപരിചയം കാണിക്കുന്ന സർട്ടിഫിക്കറ്റ്, അഡ്രസ് പ്രൂഫ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ എന്നിവ സഹിതം ജൂൺ 20ന് രാവിലെ 11 ന് മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെൻ്റ് ഓഫീസിൽ നടത്തുന്ന വാക്ക്ഇൻഇൻ്റർവ്യൂവിൽ പങ്കെടുക്കാം. യോഗ്യത ബിരുദാനന്തര ബിരുദം/ ബിരുദം. ബി.എഡ്./ ടി.ടി.സി. യോഗ്യതയുള്ളവർക്ക് മുൻഗണന.പ്രായപരിധി 01.01.2024 ന് 25നും 45നും മദ്ധ്യേ. പ്രതിഫലം പ്രതിമാസം 15,000 രൂപ. നിയമനം തികച്ചും താത്കാലികമായിരിക്കും. പിണവൂർക്കുടി കോളനി നിവാസികൾക്ക് നിയമനത്തിന് മുൻഗണന ഉണ്ടായിരിക്കും. (വിശദ വിവരങ്ങൾക്ക് 04852970337 നമ്പറിൽ ബന്ധപ്പെടാം.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** സമഗ്ര ശിക്ഷാ കേരള, എറണാകുളം വൈപ്പിൻ ബി.ആർ.സിയുടെ നേതൃത്വത്തിൽ ഞാറക്കൽ ഗവണ്മെൻ്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ പൂർണമായും കിടപ്പിലായ വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന സ്പേസ് സെൻ്ററിലേക്ക് തെറാപ്പി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 8 വൈകിട്ട് 5 വരെ. സ്ഥലം ബ്ലോക്ക് പ്രോജക്ട് കോ ഓഡിനേറ്റർ, ബി.ആർ.സി വൈപ്പിൻ. ഫോൺ 9562713393.

# സൗജന്യ പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിൻ്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെൻ്ററിൽ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ വിഭാഗ വിദ്യാർത്ഥികൾക്ക് മൂന്നു മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി ഡി.ടി.പി. എന്നീ കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം ജൂലൈ ഒന്നിന് ആരംഭിക്കുന്നു. 18 നും 25 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യത പത്താം ക്ലാസ് ഡി.ടി.പി. കോഴ്സിന് ഡാറ്റാ എൻട്രിയോ, ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ലോവറോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പൻ്റ് ലഭിക്കും. ക്ലാസ്സിൽ ചേരാൻ താത്പര്യമുള്ളവർ ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജൂൺ 26 ന് വൈകിട്ട് 4.30 ന് മുമ്പ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിൻ്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭിക്കും.





# വാർഷികാഘോഷവുമായി കൊച്ചി മെട്രോയും വാട്ടർ മെട്രോയും

**കൊച്ചി:** സംസ്ഥാനത്തിന്റെ തന്നെ പൊതുഗതാഗത രംഗത്ത് വിപ്ളവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന കൊച്ചി മെട്രോ നാടിന് സമർപ്പിച്ചിട്ട് ഈ ജൂൺ പതിനേഴിന് ഏഴ് വർഷം തികയുകയാണ്. കൊച്ചി മെട്രോ നാടിന് സമർപ്പിക്കപ്പെട്ട ആരംഭിച്ച ജൂൺ പതിനേഴ് കേരള മെട്രോ റെയിൽ ഡേ ആയി ആചരിച്ച് വരികയാണ്. 2024 ഏപ്രിൽ 25ന് കൊച്ചി വാട്ടർ മെട്രോ പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ടിരുന്നു. കൊച്ചി വാട്ടർ മെട്രോയുടെ ഒന്നാം വാർഷികാഘോഷവും കേരള വാട്ടർ മെട്രോ ദിനവും ജൂൺ പതിനേഴിന് ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്കുമായി നിരവധി ആഘോഷപരിപാടികളും ഓഫറുകളും കൈനിറയെ സമ്മാനങ്ങൾ നേടാനുള്ള അവസരങ്ങളും ഒരുക്കുകയാണ് കെഎംആർഎൽ. കൊച്ചി മെട്രോ മെഗാ ഫെസ്റ്റ് 2024 എന്ന പേരിൽ ഇന്ന് മുതൽ ജൂൺ 29 വരെ മെട്രോ സ്റ്റേഷനുകളിൽ വിവിധ പരിപാടികളും മത്സരങ്ങളും ഉണ്ടാകും.

കൊച്ചി മെട്രോ മെഗാ ഫെസ്റ്റിന്റെ ലോഗോ പ്രകാശനം ഇന്നലെ കെഎംആർഎൽ കോർപ്പറേറ്റ് ഓഫീസിൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ നിർവ്വഹിച്ചു.

ഗ്രീറ്റ്സ് പബ്ളിക് സ്കൂളിലെ വിദ്യാർത്ഥികളുടെ കലാപരിപാടികളോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമിട്ടത്. എറണാകുളം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ നേതൃത്വത്തിൽ ഹൈക്കോർട്ട് ജംഗ്ഷൻ വാട്ടർ മെട്രോ ടെർമിനലിൽ ബാലവേല വിരുദ്ധ ദിനാഘോഷങ്ങളുടെ ഭാഗമായുള്ള പരിപാടികളും നടന്നു.

ആഘോഷങ്ങളുടെ ഭാഗമായി റോബോട്ടിക് എക്സ്പോ, ഭക്ഷണമേള, ഗസൽ സംഗീത വിരുന്ന്, ഫാഷൻ ഷോ, ക്വിസ് മത്സരം, ചെസ് മത്സരം, ചിത്രരചനാ മത്സരം, സെമിനാറുകൾ തുടങ്ങിയ പരിപാടികൾ ജൂൺ 29 വരെയുള്ള തീയതികളിൽ വിവിധ മെട്രോ സ്റ്റേഷനുകളിലും വാട്ടർ മെട്രോ ടെർമിനലുകളിലും നടക്കും.

# സൗത്ത് ഇന്ത്യൻ ബാങ്കിന് നാല് അവാർഡുകൾ

**കൊച്ചി:** ബാങ്കിങ് സേവനങ്ങളിൽ നവീന ആശയങ്ങൾ നടപ്പിലാക്കിയതിന് സൗത്ത് ഇന്ത്യൻ ബാങ്കിന് ഇൻഫോസിസ് ഫിനാക്കിളിന്റെ ഇന്നവേഷൻ അവാർഡ് ലഭിച്ചു. നൂതന ബിസിനസ് മോഡലുകൾ, കോർപ്പറേറ്റ് ബാങ്കിങ് മേഖലയിലെ നവീകരണം, പരിസ്ഥിതി സൗഹാർദ്ദ നയങ്ങളിലെ കാലോചിതമായ മാറ്റങ്ങൾ, ശക്തമായ ഉപഭോക്തൃ ബന്ധം എന്നീ മേഖലകളിൽ ബാങ്ക് കൈവരിച്ച നേട്ടങ്ങൾ അടിസ്ഥാനമാക്കിയാണ് അവാർഡിന് അർഹമായത്. നൂതന ബിസിനസ് മോഡൽ വിഭാഗത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഡിജിറ്റൽ സംരംഭമായ എസ്ഐബി ഇഡയറക്റ്റിന് പ്ലാറ്റിനം അവാർഡ് ലഭിച്ചു. കച്ചവടക്കാർക്കും ബിസിനസ് സംരംഭകർക്കും ഇടപാടുകൾ നടത്താവുന്ന എസ്ഐബി ടിഎഫ് ഓൺലൈൻ പ്ലാറ്റ്ഫോമിനും എംഎസ്എംഇ വെബ് പോർട്ടലിനും കോർപ്പറേറ്റ് ബാങ്കിങ് മേഖലയിലെ നവീകരണം എന്ന വിഭാഗത്തിൽ സുവർണ്ണ സ്ഥാനം കരസ്ഥമാക്കി. പരിസ്ഥിതി സൗഹാർദ്ദ സംരംഭത്തിന് വേഗത്തിൽ അനുവദിക്കുന്ന വ്യക്തിഗത വായ്പകൾ (ക്വിക്ക് പേഴ്സണൽ ലോൺ), ബാങ്കിങ് ഇതര സ്ഥാപനങ്ങളുമായുള്ള വായ്പ പങ്കാളിത്തം (കോ ലെൻഡിങ്), പരമാവധി ഇടപാടുകാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാട്സ്ആപ്പ് ബാങ്കിങ് സേവനങ്ങൾ എന്നീ വിഭാഗങ്ങൾക്കും അവാർഡ് ലഭിച്ചിട്ടുണ്ട്. ഉപഭോക്തൃ കേന്ദ്രീകൃത പ്രവർത്തനങ്ങളിലുള്ള ബാങ്കിന്റെ പ്രതിബദ്ധതയെ തെളിയിക്കുന്നതാണ് ഈ അംഗീകാരമെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു.



# പുരസ്കാരം നേടിയ താരങ്ങളെ ആദരിച്ചു

**തിരുവനന്തപുരം:** കാൻ ചലച്ചിത്ര മേളയിൽ ഗ്രാൻഡ് പ്രി പുരസ്കാരം നേടി രാജ്യത്തിന്റെ അഭിമാനമായി മാറിയ 'ഓൾ വി ഇമേജിൻ ആസ് ലൈറ്റ്' ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച കനി കുസൃതി, ദിവ്യ പ്രഭ, അസീസ് നെടുമങ്ങാട്, ഹൃദു ഹാറൂൺ എന്നിവരെ ആദരിച്ചു. കുവൈത്ത് തീപിടിത്ത ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മറ്റ് ആഘോഷപരിപാടികൾ ഒഴിവാക്കി സെക്രട്ടേറിയറ്റിലെ കോൺഫറൻസ് ഹാളിലായിരുന്നു ചടങ്ങ്. കാനിൽ ഇന്ത്യൻ സിനിമയുടെ യശസ്സുയർത്തിയ മറ്റ് കലാകാരന്മാർക്കും അഭിനന്ദനങ്ങൾ. കലാജീവിതത്തിൽ ഇനിയും വലിയ ഉയരങ്ങൾ കീഴടക്കാൻ സാധിക്കട്ടെ എന്ന് മുഖ്യമന്ത്രി പറഞ്ഞു

# റിലയൻസ് ജിയോയ്ക്ക് അന്താരാഷ്ട്ര സിഡിപി ക്ലൈമറ്റ് അവാർഡ്

**കൊച്ചി/ ന്യൂഡൽഹി:** റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് 2022,23 വർഷത്തെ, കാർബൺ ബഹിർമനം കുറയ്ക്കുന്നതിനുള്ള സിഡിപി ക്ലൈമറ്റ് അവാർഡ് ലഭിച്ചു. ഇന്റർനാഷണൽ റേറ്റിംഗ് ഏജൻസി കാർബൺ ഡിസ്ക്ലോഷർ പ്രോജക്റ്റാണ് റിലയൻസ് ജിയോയ്ക്ക് എ റേറ്റിംഗ് നൽകിയത്. പരിസ്ഥിതി മേഖലയിൽ നേതൃത്വം കാണിക്കുന്ന കമ്പനികൾക്ക് മാത്രമാണ് സിഡിപി എ റേറ്റിംഗ് നൽകുന്നത്. കാലാവസ്ഥാ വ്യതിയാനം, വനനശീകരണം, ജലസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ കമ്പനി അതിന്റെ പ്രവർത്തനങ്ങളും പ്രവർത്തനരീതികളും സിഡിപി യോട് വെളിപ്പെടുത്തണം. ഇതോടൊപ്പം, കാലാവസ്ഥാ വ്യതിയാനം നിയന്ത്രിക്കുന്നതിനും ജല സംരക്ഷണത്തിനുമായുള്ള പദ്ധതികൾ കമ്പനികൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും വേണം. കാർബൺ ബഹിർമനം കുറയ്ക്കുന്നതിൽ റിലയൻസ് ജിയോ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് ജിയോ വക്താവ് പറഞ്ഞു. ജിയോയ്ക്ക് ലഭിച്ച എ ഗ്രേഡ് സുസ്ഥിരതയോടും ഉത്തരവാദിത്തമുള്ള പ്രവർത്തനങ്ങളോടുമുള്ള സമർപ്പണത്തെ കാണിക്കുന്നുവെന്നും ജിയോ വക്താവ് പറഞ്ഞു.

